**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 252** **25-10-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ്** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ഏത് ഘട്ടത്തിലാണ്; ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | റോഡ് വഴിയുള്ള ചരക്ക നീക്കം കുറയ്ക്കുന്നതിനും ഗതാഗത കുരുക്കും വായുമലിനീകരണവും ഒഴിവാക്കുന്നതിനുമായി കേരളത്തിലെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചിട്ടുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ അഴീക്കൽ - ബേപ്പൂർ - കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ച് ചരക്ക് നീക്കം ആരംഭിച്ചു. ആയത് വിഴിഞ്ഞം നോൺ മേജർ പോർട്ടിലേക്ക് നീട്ടുന്നതിനും ആലോചിക്കുന്നുണ്ട്. കടൽവഴിയുള്ള ചരക്ക് നീക്കം പ്രോത്സാഹിപ്പിക്കുന്ന തിനായി സമഗ്രമായ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി വരുന്നു. സ്കീമിന്റെ ആനുകൂല്യം ട്രേഡേഴ്സിനുകൂടി ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്ത് ചരക്ക് നീക്കത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | റോഡുകളിലെ തിരക്കും വായു മലിനീകരണവും പരമാവധി കുറയ്ക്കുന്നതിന് ഈ പ്രോജക്റ്റ് ലക്ഷ്യമിടുന്നു. കൂടാതെ പോർട്ടുകൾ പ്രൊഫഷണൽ ആയി പ്രവർത്തിക്കുന്ന തോടൊപ്പം ചരക്കുനീക്കം ദ്രുതഗതിയിൽ ആക്കുന്നതിനും റോഡിലൂടെയുള്ള ചരക്കുനീക്കം മൂലമുണ്ടാകുന്ന ഓവർഹെഡ് ചാർജ്ജുകൾ ഗണ്യമായി കുറയ്ക്കുന്നതിനും ഇതുമൂലം സാധിക്കും. തുറമുഖങ്ങൾ പ്രവർത്തന സജ്ജമാകുന്നതോടെ തുറമുഖ അധിഷ്ഠിത വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടും. പ്രത്യക്ഷമായും പരോക്ഷമായും തുറമുഖങ്ങളുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ വർദ്ധിക്കും. |

സെക്ഷൻ ഓഫീസർ